# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 5139 — 22.05.2017 -ലെ മറുപടി

### പ്രധാന നദികളുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.രാജഗോപാലൻ | | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന നദികളുടെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ നദികൾ നിലവിൽ നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനം നീരൊഴുക്കിലെ കുറവും ജലമലിനീകരണവുമാണ്. ഇത് പരിഹരിക്കുന്നതിനായി തടയണകൾ, റെഗുലേറ്ററുകൾ എന്നിവ ആവശ്യമുള്ളിടങ്ങളിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതോടൊപ്പം ഓരു ജലക്കയറ്റം തടയുന്നതിനായി റെഗുലേറ്ററുകൾ കിഫ്ബിയുടെ സഹായത്തോടെ നിർമ്മിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഇരുപത് നദികളിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതോടൊപ്പം നദികളെത്തന്നെ ചെറുസംഭരണികളാക്കി മാറ്റാൻ കഴിയുന്നിടത്ത് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും ആലോചനയുണ്ട്. |
| (ബി) | ജലാശയങ്ങളും തണ്ണീർതടങ്ങളും സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ബി) | ജലാശയങ്ങൾ, തണ്ണീർതടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. ഹരിതകേരള മിഷന്റെ ഭാഗമായ മണ്ണ്-ജലസംരക്ഷണ മിഷൻ നീർത്തടാധിഷ്ഠിത സമീപനത്തോടുകൂടി തയ്യാറാക്കുന്ന ബ്ലോക്ക്തല നീർത്തട മാസ്റ്റർ പ്ലാനുകളുടെ സഹായത്തോടെയാണ് മുൻഗണനാക്രമത്തിൽ, ജനപങ്കാളിത്തത്തോടെ ഇവ നിർവഹിക്കുന്നതിന് ഉദ്ദേശിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ പരമ്പരാഗത ജലാശയങ്ങളായ കുളങ്ങളുടെ നവീകരണത്തിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ